"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോഴിക്കോട് ജില്ലയിലെ തുറയൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ.ബാബുരാജ്.ഇയ്ക്കെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.2079/2022/LSGD തീയതി,തിരുവനന്തപുരം, 25-08-2022

---

പരാമർശം:-

1. പഞ്ചായത്ത് ഡയറക്ടറുടെ 12.07.2018 ലെ ഡി1 - 16332/2017 നമ്പർ കത്ത്
2. പഞ്ചായത്ത് ഡയറക്ടറുടെ 21.06.2021 ലെ PAN/27096/2018 - D1 (DP) നമ്പർ കത്ത്
3. സർക്കാരിന്റെ 21.10.2021 ലെ ഇപിബി3/416/2019/തസ്വഭവ നമ്പർ കാരണംകാണിക്കൽ നോട്ടീസ്
4. ശ്രീ. ബാബുരാജ്. ഇ 30.12.2021 ൽ സമർപ്പിച്ച മറുപടി
5. പഞ്ചായത്ത് ഡയറക്ടറുടെ 05.07.2022 ലെ PAN/27096/2018 - D1 (DP) നമ്പർ റിപ്പോർട്ട്

<u>ഉത്തരവ്</u>

കോഴിക്കോട് ജില്ലയിലെ തുറയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരിക്കെ, ടി ഗ്രാമപഞ്ചായത്തിലെ ശ്രീ.അബ്ദുള്ള അച്ചോത്ത് വീട്, പയ്യോളി എന്നയാളുടെ കൈവശത്തിലുള്ള തുറയൂർ വില്ലേജിലെ റീസർവ്വേ നമ്പർ 82/1, 82/2, 82/3, 79/6, 82/11 ലുൾപ്പെട്ട 46.80 സെന്റ് നിലം വിഭാഗത്തിൽപെട്ട വസ്തുവിൽ 979. 42 ചതുരശ്ര മീറ്റർ വിസ്തീർണമുള്ള അസംബ്ലി ഹാൾ നിർമ്മിക്കുന്നതിനുള്ള കെട്ടിട നിർമ്മാണ അനുമതിയ്ക്കായി ശ്രീ.അബ്ദുള്ള അച്ചോത്ത് വീട്, പയ്യോളി എന്നവർ 24.06.2014-ന് തുറയൂർ ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും നിലവിലുള്ള കെട്ടിടത്തിന് മാറ്റം വരുത്തുന്നതിനാണ് പ്രസ്തുത അപേക്ഷ നല്കിയിരിക്കുന്നതെന്നും പ്രസ്തുത അപേക്ഷയിൽ വേണ്ടത്ര ശ്രദ്ധയോടെ പരിശോധന നടത്തിയിട്ടില്ല എന്നും എൽ.എസ്.ജി.ഡി ഓവർസീയർ ചൂണ്ടിക്കാണിച്ച അപാകതകൾ സെക്രട്ടറി 29.10.2014-ന് അംഗീകരിക്കുകയും എ2535/14 നമ്പറായി പ്രസ്തുത അപാകതകൾ പരിഹരിക്കുന്നതിന് അപേക്ഷകന് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ടെങ്കിലും അപേക്ഷയോടൊപ്പം സമർപ്പിച്ച തുറയൂർ വില്ലേജ് ഓഫീസറുടെ 11.06.2014 ലെ എ50/14 നമ്പർ

കൈവശ സർട്ടിഫിക്കറ്റിൽ റീസർവ്വേ 82/11-ൽപെട്ട ഭൂമി 'നഞ്ച' എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് അപേക്ഷകന് അയച്ച കത്തിൽ സൂചിപ്പിച്ചിട്ടില്ല എന്നും അപേക്ഷ വേണ്ടത്ര പരിശോധിക്കാതെയും, നടപടിക്രമങ്ങൾ കൃത്യമായി പാലിക്കാതെ കൈകാര്യം ചെയ്തതും, നോട്ടീസ് നൽകിയിട്ട് തുടർനടപടികൾ സ്വീകരിക്കാതിരുന്നതും സെക്രട്ടറിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ് എന്നു വിലയിരുത്തി, 31.05.2017-ന് സേവനത്തിൽ നിന്നും വിരമിച്ച കോഴിക്കോട് ജില്ലയിലെ തുറയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. ബാബുരാജ്.ഇ ക്കെതിരെ KSR Part III പ്രകാരം നടപടി സ്വീകരിക്കുന്നതിനായി ശുപാർശ ചെയ്തുകൊണ്ട് പരാമർശം (1) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

തുറയൂർ ഗ്രാമപഞ്ചായത്തിൽ നിലം വിഭാഗത്തിൽപെട്ട വസ്തുവിൽ കെട്ടിട നിർമ്മാണ അനുമതിയ്ക്കായി ലഭിച്ച അപേക്ഷയിലെ ന്യൂനതകൾ അറിയിച്ചുകൊണ്ട് അപേക്ഷകന് അയച്ച കത്തിൽ കെട്ടിടം നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലം നിലം (നഞ്ച) വിഭാഗത്തിൽപെട്ടതാണെന്ന വിവരം അറിയിക്കാതിരുന്നതും അപേക്ഷ വേണ്ടത്ര പരിശോധിക്കാതെയും കൃത്യമായ നടപടിക്രമങ്ങൾ പാലിക്കാതെ കൈകാര്യം ചെയ്തതും നോട്ടീസ് നൽകിയിട്ട് തുടർനടപടികൾ സ്വീകരിക്കാതിരുന്നതും സെക്രട്ടറിയുടെ ഭാഗത്തെ വീഴ്ചയാണ് എന്ന് കാണുന്നതിനാൽ കോഴിക്കോട് ജില്ലയിലെ തുറയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. ബാബുരാജ്. ഇ യുടെ സർവീസ് തൃപ്തികരമല്ല എന്ന് കണ്ട് KSR Part III Rule 59(d) പ്രകാരം ടിയാന്റെ പെൻഷനിൽ നിന്നും ആജീവനാന്തം പ്രതിമാസം 200/- രൂപാ വീതം കുറവു ചെയ്യുന്നതിന് സർക്കാർ താൽക്കാലികമായി തീരുമാനിച്ച് പരാമർശം (3) പ്രകാരം കാരണംകാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. ആയതിന് ടിയാൻ പരാമർശം (4) പ്രകാരം മറുപടി ലഭ്യമാക്കുകയും മറുപടിയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത റിപ്പോർട്ട് പ്രകാരം തുറയൂർ ഗ്രാമപഞ്ചായത്തിലെ തുറയൂർ വില്ലേജിൽ ഉൾപ്പെട്ട റി.സ.നമ്പർ 82/1, 82/2, 82/3, 79/6, 82/11 ൽ ഉൾപ്പെടുന്ന 46.80 സെന്റ് സ്ഥലത്ത് 2004 ൽ പൂർത്തിയായതും ഗ്രാമപഞ്ചായത്ത് കെട്ടിട നമ്പർ അനുവദിച്ചതുമായ കല്യാണ മണ്ഡപം നിലവിലുണ്ട്. പ്രസ്തുത കെട്ടിടത്തിന് വിപുലീകരണ പ്രവർത്തി നടത്തുന്നതിനായി 24.06.2014 ൽ കെട്ടിട ഉടമസ്ഥനായ ശ്രീ.അബ്ദുള്ള തച്ചോത്ത് പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചു. അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്ഥല പരിശോധന നടത്തി സാങ്കേതിക വിഭാഗം ചൂണ്ടിക്കാണിച്ച അപാകതകൾ പരിഹരിക്കുന്നതിനായി 29.10.2014 തീയതിയിൽ എ 4-2535/14 നമ്പർ കത്ത് മുഖേന അപേക്ഷകന് അറിയിപ്പ് നൽകിയിട്ടുണ്ട്. അപേക്ഷയോടൊപ്പം സമർപ്പിച്ച

തുറയൂർ വില്ലേജ് ഓഫീസറുടെ 11.06.2014 ലെ എ.50/14 നമ്പർ കൈവശാവകാശ സർട്ടിഫിക്കറ്റിൽ റി.സ.82/11 ൽപ്പെട്ട ഭൂമി നഞ്ച എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വിവരം അപേക്ഷകന് നൽകിയ അറിയിപ്പിൽ ഉൾപ്പെട്ടിരുന്നില്ല. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതിനു മുൻപ് നികത്തപ്പെട്ടതായ സ്ഥലത്ത് കെട്ടിട നിർമ്മാണം നടത്തി അംഗീകൃത നമ്പർ ലഭിച്ചതായ കെട്ടിടത്തിന്റെ വിപുലീകരണ പ്രവർത്തിക്കുള്ള അപേക്ഷ ആയതിനാലാണ് അങ്ങനെ സംഭവിച്ച് പോയതെന്ന് വിശദീകരണത്തിൽ ശ്രീ. ബാബുരാജ് സർക്കാർ മുമ്പാകെ ബോധിപ്പിച്ചിട്ടുണ്ട്. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നത് 2008 ൽ ആണ്. വിപുലീകരണ പ്രവർത്തിക്കായി അപേക്ഷിച്ച് പ്രസ്തുത കെടിടം പണിതിട്ടുള്ളത് 2004 വർഷത്തിലാണ്. ശ്രീ. ബാബുരാജ് നൽകിയ വിശദീകരണത്തിലെ ആത്മാർത്ഥതയും ഉദ്ദേശ ശുദ്ധിയും അംഗീകരിക്കാവുന്നതാണ് എന്നും അറിയിപ്പിൽ "നഞ്ച" എന്ന് രേഖപ്പെടുത്താതിരുന്നത് ബോധപൂർവ്വമല്ലെന്ന് കരുതുന്നതായും പഞ്ചായത്ത് ഡയറക്ടർ അഭിപ്രായപ്പെടുകയുണ്ടായി.

ന്യൂനത പരിഹരിക്കുന്നതിനായി നോട്ടീസ് നൽകിയെങ്കിലും തുടർ നടപടി സ്വീകരിച്ചതായി കാണുന്നില്ല എന്നതിന് അപേക്ഷകൻ ഓഫീസുമായി ബന്ധപ്പെടുകയും അപാകതകൾ പരിഹരിച്ച് അപേക്ഷ പുന:സമർപ്പിക്കാമെന്ന് അറിയിക്കുകയും ചെയ്തിരുന്നെന്നും, വീണ്ടും ബന്ധപ്പെട്ടപ്പോൾ വിപുലമായ പരിഷ്കരണം നടത്താൻ ഉദ്ദേശിക്കുന്നില്ലെന്നും, ചെറിയ മോഡിഫിക്കേഷൻ മാത്രമേ നടത്തുന്നുള്ളൂവെന്നും അറിയച്ചത് മുഖവിലക്കെടുത്ത് സാവകാശം നൽകിയിരുന്നെന്നും, പഞ്ചായത്ത് തെരഞ്ഞെടുപ്പും വസ്തു നികുതി പരിഷ്കരണവും അതുമൂലമുണ്ടായ കൃത്യാന്തരബാഹുല്യവും കാരണം തുടർനടപടി സ്വീകരിക്കാൻ കഴിയാതെ പോയതെന്നാണ് വിശദീകരിച്ചിരിക്കുന്നത്. വസ്തു നികുതി പരിഷ്കരണം, 2015 ലെ പൊതു തെരഞ്ഞെടുപ്പ് എന്നിവയുമായി ബന്ധപ്പെട്ട ധാരാളം പ്രവർത്തികൾ പ്രസ്തുത കാലയളവിൽ ഗ്രാമപഞ്ചായത്തുകളിൽ നടക്കുന്നുണ്ടായിരുന്നു. ആയതിനാൽ ജോലിത്തിരക്കിനിടയിൽ വന്നുപോയ വീഴ്ചയാണെന്നും ബോധപൂർവ്വമല്ലെന്നുള്ള വിശദീകരണം ഒരു പരിധിവരെ അംഗീകരിക്കാവുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

പരാതിക്കാസ്പദമായ കെട്ടിടവും സ്ഥലവും പയ്യോളി സബ് രജിസ്ട്രാർ ഓഫീസിലെ 1/45 നമ്പർ തീരാധാര പ്രകാരം ശ്രീ. ഇസ്മായിൽ തെനകാലിൽ എന്ന വ്യക്തിക്ക് സിദ്ധിച്ചിരിക്കുകയാണ്. എങ്കിലും കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം ടിയാന്റെ പേരിലേക്ക് മാറ്റി ലഭിക്കുന്നതിന് പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിട്ടില്ല. സ്ഥല പരിശോധന നടത്തിയപ്പോൾ

ശ്രീ. ഇസ്മായിൽ തെനകാലിൽ എന്നിവരുടെ മാനേജർ ശ്രീ.സുബൈർ സ്ഥലത്തുണ്ടായിരുന്നെന്നും, പ്രസ്തുത കെട്ടിടം പൂർണ്ണമായും പൊളിച്ചുമാറ്റാൻ പോവുകയാണെന്നും, പുതുതായി നിർമ്മിക്കുന്ന വീടിന്റെ മുൻവശത്ത് ലാന്റ് സ്കേപ്പ് നിർമ്മിക്കുന്നതിനായാണ് റോഡിനോട് ചേർന്ന് നിൽക്കുന്ന പ്രസ്തുത കെട്ടിടം പൊളിച്ച് മാറ്റുന്നതെന്നും വാക്കാൽ അറിയിച്ചിട്ടുണ്ട്. പരാതിക്കാസ്പദമായ കെട്ടിടം പൊളിച്ചുമാറ്റാൻ സാധ്യതയുള്ള സാഹചര്യത്തിൽ ശ്രീ.ബാബുരാജിനെതിരെയുള്ള കുറ്റത്തിന്റെ ഗൗരവം കുറയുമെന്ന് കാണുന്നതിനാലും, ടിയാന്റെ സർവ്വീസ് കാലയളവിൽ യാതൊരു ശിക്ഷണ നടപടിയും നേരിടേണ്ടിവന്നിട്ടില്ല എന്നതു പരിഗണിച്ചും പൊതുജനങ്ങളോടും സഹപ്രവർത്തകരോടുമുള്ള മാന്യമായ പെരുമാറ്റം പരിഗണിച്ചും ടിയാനെതിരായ അച്ചടക്ക നടപടി ഒഴിവാക്കാവുന്നതാണെന്നുള്ള അഭിപ്രായത്തോടെ ശ്രീ. ബാബുരാജ് സമർപ്പിച്ച എതിർവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുറ്റാരോപിതന്റെ ഭാഗത്ത് നിന്ന് കാരണം കാണിക്കൽ നോട്ടീസിൽ സൂചിപ്പിച്ചിട്ടുള്ള ശിക്ഷയായ ടിയാന്റെ പെൻഷനിൽ നിന്നും ആജീവനാന്തം പ്രതിമാസം 200/- രൂപാ വീതം കുറവുചെയ്യുന്നതിനായുള്ള നടപടി സ്വീകരിക്കാൻ തക്ക വീഴ്ച ഉണ്ടായതായി കാണുന്നില്ല. മാത്രമല്ല ടിയാന്റെ വിശദീകരണം സ്വീകരിക്കാവുന്നതാണെന്നും അതിൻ പ്രകാരം ടിയാനെതിരെയുള്ള അച്ചടക്ക നടപടി ഒഴിവാക്കാവുന്നതാണെന്നുള്ള അഭിപ്രായത്തോടെയാണ് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത് എന്ന വസ്തുത കണക്കിലെടുത്ത് ശ്രീ.ബാബുരാജിനെതിരെ ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ.ബാബുരാജ്. ഇ, മുൻ സെക്രട്ടറി, തുറയൂർ ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കോഴിക്കോട്
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി3/416/2019/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സ.ഉ.(സാധാ) നം.2079/2022/LSGD

സെക്ഷൻ ഓഫീസർ
Signed by Sudheer S S
Date: 25-08-2022 14:09:22